രണ്ട് പുതിയ വിദ്യാഭ്യാസ ജില്ലകൾ കൂടി രൂപീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, വളരെ കാര്യകാരണ സഹിതവും യുക്തിഭദ്രവുമായി ബഹുമാനപ്പെട്ട പി. കെ. അബ്ദുറബ്ബ് മലപ്പുറം വിദ്യാഭ്യാസ ജില്ല വിഭജിക്കേണ്ടതിന്റെ കാരണങ്ങൾ ഇവിടെ വിശദീകരിച്ചു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അത്രയും ശരിയാണ്. 1728-ഓളം സ്കൂളുകളുള്ള മലപ്പുറം ജില്ലയിൽ രണ്ട് വിദ്യാഭ്യാസ ജില്ലകളാണുള്ളത്. 1054, 1332, 1518 എന്നീ തോതിൽ സ്കൂളുകളുള്ള കേരളത്തിലെ മറ്റ് മൂന്ന് ജില്ലകളിൽ നാല് വീതം ഡി. ഇ. ഒ. ഓഫീസുകളുണ്ട്. പക്ഷേ അദ്ദേഹം പറഞ്ഞ കാര്യം പെട്ടെന്ന് കമ്മിറ്റ് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. ഇത് ഭാവിക്ക് അത്യാവശ്യമാണെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സാമ്പത്തികമായ സ്ഥിതി മെച്ചപ്പെടുകയാണെങ്കിൽ ഫസ്റ്റ് പ്രയോറിട്ടി ഇതിനു തന്നെ കൊടുക്കുന്നതാണെന്ന കാര്യം ഇവിടെ അറിയിക്കുകയാണ്.

(9) ഭാരതപ്പുഴ ആക്ഷൻ പ്ളാൻ തയ്യാറാക്കാൻ നടപടി

ശ്രീ. വി. കെ. ചന്ദ്രൻ: സർ, കേരളത്തിന്റെ വരദാനങ്ങളാണ് നദികൾ. അതിൽ ഏറ്റവും ശ്രേഷ്ഠമാണ് ഭാരതപ്പുഴ. കൂടുതൽ ദൂരവും ആവാസ കേന്ദ്രങ്ങളിൽ ഒഴുകുന്ന ഭാരതപ്പുഴയിൽ കുടിവെള്ളത്തിനും കൃഷിക്കുമായി ഒട്ടനവധി കുടിവെള്ള പദ്ധതികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമുണ്ട്. ആനമലയിൽ നിന്ന് ഉത്ഭവിച്ച് അറബിക്കടലിലേക്ക് പോവുന്ന ഈ നദിക്ക് പോഷകനദികളും കൊച്ചരുവികളും സമ്പന്നമാണ്. ആദ്യകാലങ്ങളിൽ തീരംമുട്ടി നിറഞ്ഞൊഴുകിയ ഭാരതപ്പുഴയിലാണ് കേരളത്തിലെ 10 അ ക്കെട്ടുകളിൽ ആറും സ്ഥിതി ചെയ്യുന്നത്. രണ്ട് കണ്ണുകൾക്കിടയ്ക്ക് മൂക്ക് വന്നത് കണ്ണട വയ്ക്കാനാണ്, രണ്ട് കുന്നുകൾക്കിടയ്ക്ക് നീർച്ചാൽ ഉണ്ടാകുന്നത് അണകെട്ടാനാണെന്ന് എൻജിനീയറിംഗ് വിംഗിനെ കളിയാക്കി അന്തരിച്ച ബഹുമാന്യനായ എൻ. വി. കൃഷ്ണവാര്യർ പറഞ്ഞത് അന്വർത്ഥമാവുകയാണ്. ഈ നദിയിൽ ഇത്രയേറെ ഡാമുകൾ വന്നാൽ വെള്ളമുണ്ടാകുമെന്നോ വെള്ളമുണ്ടാകാൻ വൃഷ്ടിപ്രദേശം സംരക്ഷിക്കണമെന്നോ സർക്കാർ മനസ്സിലാക്കുന്നില്ല. മലമ്പുഴ ഡാമിൽ ഇപ്പോൾ ജീപ്പുകൾ ഓടിക്കുകയാണ്. കുടിവെള്ളത്തിനും കൃഷിക്കും ഉണ്ടാക്കിയതാണ് ഈ ഡാമുകൾ. പോത്തുണ്ടിയിൽ കാലികൾ മേയുകയാണ്. മംഗലം ഡാമിലും സ്ഥിതി വ്യത്യസ്തമല്ല. വാളയാർ ഡാമിൽ നിന്ന് മലബാർ സിമന്റ്സിന്റെ ഖനനം നടക്കുകയാണ്. അൽപ്പം വെള്ളമുള്ളത് കാഞ്ഞിരപ്പുഴയിൽ മാത്രമാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് വറ്റുമെന്ന് പറയാൻ കഴിയില്ല. ഭാരതപ്പുഴയുടെ പോഷകനദികളിൽ കെട്ടിയ ഈ ഡാമുകളിൽ വെള്ളമില്ലാതായിട്ട് വർഷങ്ങളായി. അണ കെട്ടുക എന്നുള്ളതിന് അപ്പുറം എങ്ങനെ വെള്ളം ഉണ്ടാക്കാമെന്നും നദിയെ എങ്ങനെ സംരക്ഷിക്കാമെന്നും നദീതടങ്ങളെ എങ്ങനെ സംരക്ഷിക്കാമെന്നുമുള്ളതിനെ കുറിച്ച് ആലോചിക്കുന്നില്ല. കഴിഞ്ഞ കുറെ വർഷമായി പാലക്കാട് ജില്ല വരളുകയാണ്. നദി ഒഴുകുന്ന മലപ്പുറം, തൃശ്ശൂർ ജില്ലകളും വരൾച്ച ഏറ്റുവാങ്ങുകയാണ്. നദിയുടെ തീരം ഇടിഞ്ഞ് വീതി കൂടുന്നു. തീരങ്ങളിൽ അനധികൃത കയ്യേറ്റം തകൃതിയായി നടക്കുന്നു. ആരും അന്വേഷിക്കുന്നില്ല. മനുഷ്യർക്ക് വേണ്ടാത്തതെല്ലാം കൊണ്ടുപോയി നിക്ഷേപിക്കാനുള്ള ഇടമായി ഭാരതപ്പുഴ മാറിയിരിക്കുന്നു. ഈ അവശിഷ്ടങ്ങൾമൂലം ഉള്ളവെള്ളം ഉപയോഗിക്കാൻ പറ്റാതെ വരുന്നു. കുടിക്കുന്നവർക്കും കുളിക്കുന്നവർക്കും ജലജന്യ രോഗങ്ങൾ പിടിപെടുന്നു. കുടിക്കാൻ ഉപയോഗിക്കുന്ന വെള്ളത്തിൽ നിന്ന് കോളറ പോലുള്ള രോഗങ്ങൾ പിടിപെടുന്നു. നദി കാടുപിടിച്ച് വികൃതമാവുന്നു. നിളയിൽ നീരാടാൻ ഇന്ന് പുത്തിങ്കൾ വരുന്നില്ല. കവികൾ പാടിയ വളരെ മനോഹരമായ നിള ഇന്ന് വികൃതമാവുകയാണ്. പറയിപെറ്റ പന്തിരുകുലത്തിന്റെ പെരുമയിൽ പുകൾപെറ്റ കേരളം, നീതിയുടെ വിജയത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ചരിത്രം കുറിച്ച തിരുനാവായ്, ചെറുശ്ശേരിയും വള്ളത്തോളും കുഞ്ചൻനമ്പ്യാരും വി. ടി. യും എം. ടി. യും കഥകളിയും കൂത്തും കൂത്തമ്പലത്തിന് ചുവട്ടിൽ സമന്വയിപ്പിക്കുന്ന കലാമണ്ഡലവും അങ്ങനെ എത്രയോ എത്രയോ ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷിയാണ് ഈ നദി. എല്ലാംകൊണ്ടും സമ്പുഷ്ടമായ ഇവിടത്തെ സംസ്ക്കാരത്തെ സംരക്ഷിച്ചെടുക്കേണ്ടതുണ്ട്. അതിന് ഈ നദി അരുമയായി ഒഴുകണം. ഭാരതപ്പുഴയുടെ തീരവും ജലവും വൃഷ്ടിപ്രദേശങ്ങളും അണക്കെട്ടുകളും കുടിവെള്ള സ്രോതസ്സുകളും സംരക്ഷിക്കാൻ, ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ ഒരു നദിയുണ്ടായിരുന്നു എന്ന് ഓർമ്മിക്കാൻ ഗവൺമെന്റ് ഇടപെടണം. ഭാരതപ്പുഴയെ സംരക്ഷിക്കാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* 1970-ൽ നമ്മൾ ഒപ്പുവച്ച പറമ്പിക്കുളം-അളിയാർ എഗ്രിമെന്റിനകത്ത് ഭാരതപ്പുഴ വറ്റുന്നതും അവസാനത്തെ മരണമണിപോലെയാണ്. അതിൽ നിന്നും രക്ഷിച്ചെടുക്കുന്നതിനാണ് ഞങ്ങൾ ഇവിടെ നിൽക്കുന്നത്. ഭാരതപ്പുഴ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് സംസ്ഥാന മലിനീകരണ

LIBRARY ARCHIVES Kerala Legislative Assembly